(സി) ഉണ്ട്.

(ഡി) ഉണ്ട്. ഗൾഫ് രാജ്യങ്ങളിലെ വിവിധ ജയിലുകളിൽ കിടക്കുന്ന മലയാളി സ്ത്രീകളുടെ മോചനത്തിനായി അതാത് രാജ്യത്തെ നയതന്ത്ര കാര്യാലയ ങ്ങളുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) വിദേശരാജ്യങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ സംബന്ധമായ വിവരങ്ങൾ അന്വേഷിക്കുന്നതിനും, ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കൊച്ചി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ

26 [1705] *പ്രൊഫ. കെ. വി. തോമസ്*: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്ന പരിഹാരത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക്, കൊച്ചി നഗരത്തിലെ സഹോദരൻ അയ്യപ്പൻ റോഡിന്റെ വീതി കൂട്ടുന്ന നടപടികൾ കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വൈറ്റിലവഴി നഗരത്തിലേക്ക് പ്രവേശിക്കുന്ന ദീർഘദൂര ബസ് സർവ്വീസ് കടവന്ത്ര കലൂർ റോഡേ തിരിച്ചുവിട്ടും, തിരക്കുള്ള ഭാഗങ്ങളിൽ നോപാർക്കിംഗ് സമ്പ്രദായം വരുത്തിയും, തിരക്കുള്ള ജംഗ്ഷനിൽ 'ഫ്രീലിഫ്റ്റ്' സമ്പ്രദായം വരുത്തിയും, ജംഗ്ഷനുകളിൽ ഇലക്ട്രോണിക് സിഗ്നൽ സമ്പ്രദായം നട പ്പിലാക്കിയും തിരക്കനുസരിച്ച് ട്രാഫിക്ക് പോലീസിനെ നിയമിച്ചും മറ്റും പ്രശ്ന ങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ആരാധനാലയങ്ങൾ നിർമ്മിക്കാൻ അനുമതി

27 [1707] *ശ്രീ. ടി. എൻ. പ്രതാപൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരാധനാലയങ്ങൾ പണിയുന്നതിന് ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ ആരാധനാലയങ്ങൾ പണികഴിപ്പിക്കുന്നതിന് നിരോധന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) മതസൗഹാർദ്ദവും ക്രമസമാധാനവും നിലനിർത്തിക്കൊണ്ട് പുതുതായി ആരാധനാലയങ്ങൾ പണിയുന്നതിന് അനുമതി നൽകാൻ ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൃശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ മണത്തല വില്ലേജിൽ സർവ്വേ 189/98 ആന്റ് 189/11-ൽ ഒരു മുസ്ലീം പള്ളി പണിയുന്നതിനുള്ള അനുമതി അപേക്ഷ സർക്കാർതലത്തിൽ തീർപ്പ് കൽപ്പിക്കാനുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടിയുടെ വിവരം വിശദമാക്കാമോ?

ഉത്തരം

(എ) 16-1-2002-ലെ ജി.ഒ.(പി) നമ്പർ 9/02/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള സാമുദായിക അസ്വസ്ഥതകൾ ഒഴിവാക്കുന്നതിനും സാമുദായിക സൗഹാർദ്ദം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലെ 23-ാം ഖണ്ഡികയിൽ പുതിയ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. (23-ാം ഖണ്ഡിക അനുബന്ധമായി ചേർത്തിരിക്കുന്നു.) †

(ബി) ഇപ്പോൾ നിലവിലില്ല.

(സി) സംസ്ഥാനത്ത് നിലവിലുള്ള മതസൗഹാർദ്ദവും ക്രമസമാധാനവും നിലനിർത്തുന്നതിന് ഉതകുന്ന തരത്തിലുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. മുകളിൽ (സി) പിരിവിലെ മറുപടിയിൽ പറഞ്ഞ പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

---

† അനുബന്ധം VII.

GPM. 2/542/2012.—11

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[20-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 27 (1707)-ന്റെ ഉത്തരം ദയവായി കാണുക]

Annexure

EXTRACT OF PARA 23 OF THE G. O. (P) No. 9/02/HOME DATED 16TH JANUARY, 2002

"Any construction of religious place should be made only with prior approval of the District Authorities and at the earmarked place. Cases of construction of unauthorized religious places should be dealt with severely under existing laws. Negligence on the part of the District Administration in implementing this direction should be seriously viewed and the guilty dealt with".

അനുബന്ധം VIII

[20-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 42 (1728)-ന്റെ ഉത്തരം ദയവായി കാണുക]

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ചേരി വികസന പരിപാടി (എൻ.എസ്.ഡി.പി.) നടപ്പാക്കുന്നതിന് ആവശ്യമായ തുക 100% കേന്ദ്ര സഹായമായി ലഭിക്കുന്നു. ഇതിൽ 70% നഗരസഭ കേന്ദ്രസർക്കാരിന് പലിശ സഹിതം തിരിച്ചടയ്ക്കാനുള്ള വായ്പയും 30% ഗ്രാന്റുമാണ്. ഈ പദ്ധതിയിലൂടെ കഴിഞ്ഞ 4 വർഷങ്ങളിൽ കോഴിക്കോട് കോർപ്പറേഷൻ നടപ്പാക്കിയ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഇനം	*എണ്ണം*
വീടുകൾ	850
ഭവനപുനരുദ്ധാരണം	2550
കക്കൂസ്	3600
നടപ്പാത	10
ഡ്രെയിനേജ്	10
കുടിവെള്ള സൗകര്യം	44
വീട് വയറിംഗ്	700

LIBRARY ARCHIVES Kerala Legislative Assembly